**PROJECT FACTS** Plot: 22 cent Area: 4700 sqft Owner: തോമസ് ഏബ്രഹാം & നിഷ Location: പുല്ലാട്, കോഴഞ്ചേരി
Design: Suvarnarekha Design Consultants, കോട്ടയം Email: suvarnarekhaktm@gmail.com

# റൂഫിങ്ങിനു പിന്നിലെ രഹസ്യം



പല ലെവലിലുള്ള റൂഫ്, കോർട്ടൺ സ്റ്റീലിൽ ചെയ്ത ഗേറ്റും ഗ്രില്ലും.

**മുന്നിൽ വീതി കുറഞ്ഞ് പിറകിലേക്ക് നീണ്ടുകിടക്കുന്ന പ്ലോട്ടിന്റെ വിരസത മാറ്റാൻ ചെയ്ത ഡിസൈൻ തന്ത്രം ആർക്കിടെക്ട് പറയുന്നു**

"കോഴഞ്ചേരിയിലുള്ള തോമസ് ഏബ്രഹാമിന്റെ കുടുംബത്തിനു വേണ്ടിയാണ് ഈ വീട്. മുന്നിൽ വീതി കുറഞ്ഞ് പിറകിലേക്കു നീണ്ടു കിടക്കുന്നു എന്നതാണ് ഈ പ്ലോട്ടിനുണ്ടായിരുന്ന പ്രത്യേകത.

## മേൽക്കൂരയുടെ പിറകിലെ രഹസ്യം...

പിറകിലേക്കു കിടക്കുന്ന പ്ലോട്ടിലെ വീടിനെ എങ്ങിനെ ഭംഗിയാക്കാം എന്ന ചിന്തയിലാണ് വീടിന്റെ മേൽക്കൂര പല ലെവലിൽ കൊടുക്കാം എന്ന ചിന്ത ഉടലെടുത്തത്. അല്ലെങ്കിൽ അതൊരു ഫാക്ടറി പോലെ തോന്നിയേക്കാം. ആകാശവുമായി തൊട്ടുരുമ്മി കിടക്കുന്ന ഫീൽ ആണിപ്പോൾ. അതല്ലെങ്കിൽ ആകാശം വേറെ, റൂഫ് വേറെ എന്ന രീതിയിലായേനേ. തായ്‌ലൻഡിലും ഇന്തൊനീഷ്യയിലുമൊക്കെ ചെല്ലുമ്പോൾ അവിടത്തെ കെട്ടിടങ്ങൾ ആകാശസീമയിലേക്കു ചേർന്നുകിടക്കുന്നതു കണ്ടിട്ടില്ലേ? അവയ്ക്കിടയിൽ യാതൊരു തടസ്സവും ഇല്ല. ഇവിടെയും അതേപോലെയാണ് ഞങ്ങൾ ചെയ്തിരിക്കുന്നത്.

## ഡിസൈനെപ്പറ്റി...

പുറംചുമരിൽ ധാരാളം ബ്രിക് ക്ലാഡിങ് ചെയ്തിട്ടുണ്ട്. ഭൂമിയോട് ചേർന്നു നിൽക്കുന്ന നിറമെന്ന രീതിയിലാണ് ബ്രിക് ക്ലാഡിങ് കൊടുത്തത്. മേൽക്കൂരയിൽ ആകാശവും ചുമരിൽ ഭൂമിയും എന്ന രീതിയിൽ ആകാശവും ഭൂമിയും തമ്മിലുള്ള ബന്ധമെന്ന ആശയത്തിലാണ് ഈ വീട് ഞങ്ങൾ ഒരുക്കിയത്.

ഗേറ്റിലിലും മതിലിന്റെ ഗ്രില്ലിലും കോർട്ടൺ സ്റ്റീലിൽ ചെയ്ത ഡിസൈനും ഭൂമിയോട് ചേർന്നുനിൽക്കുന്ന നിറത്തിലാണ്. കെട്ടിടത്തെ പൂർണമായി മറയ്ക്കാതെ അകവും പുറവും ബന്ധിപ്പിക്കാൻ ശ്രമിച്ചതിന്റെ ഭാഗമാണിത്.

വരമ്പുകളുള്ള (ridged) രീതിയിൽ ചെയ്ത പോർച്ചിൽ സുഷിരങ്ങൾ വായുസഞ്ചാരത്തിനായി ഉപയോഗിച്ചു. ആത്മീയ ജീവി

**"ആകാശവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ എടുത്തുകാട്ടുന്ന രീതിയിലാണ് വീടിന്റെ റൂഫും ചുമരുകളും ചെയ്തത്."**

**നിന കോര ജേക്കബ്**
ആർക്കിടെക്ട്



**HIGHLIGHTS**

1. പല ലെവലിലുള്ള റൂഫ് ആകാശത്തെ തൊടുന്ന പോലെ
2. വായു സഞ്ചാരവും പ്രകാശത്തിന്റെ നിഴൽചിത്രങ്ങളും ഒരുക്കുന്ന ചുമരിലെ സുഷിരങ്ങൾ
3. കോർട്ടൺ സ്റ്റീലിൽ ചെയ്ത ഗേറ്റും മതിലിന്റെ ഒരു ഭാഗമായ ഗ്രില്ലും
4. ചെറിയ സ്ഥലത്തും ഒരുക്കിയ പച്ചപ്പ്. പോർച്ച് മുതൽ വീടിന്റെ വശങ്ങൾ വരെ.
5. വീതി കുറഞ്ഞ് പിറകിലേക്ക് നീണ്ടുകിടക്കുന്ന പ്ലോട്ടിനെ ഒരുക്കിയ ഡിസൈൻ



നല്ല വെളിച്ചം ലഭിക്കുന്ന വീടാവണമെന്നുണ്ടായിരുന്നു. സഹോദരങ്ങളല്ലാം ഒത്തുകൂടുമ്പോഴും ആത്മീയ കൂട്ടായ്മകൾക്കും ചേർന്ന ഓപ്പൺ ഇടങ്ങൾ വേണമെന്ന ആഗ്രഹവും സാധിച്ചു. സ്വകാര്യമായ ഇടങ്ങൾക്ക് പ്രാധാന്യം കൊടുത്ത് വ്യത്യസ്തമായ ആകർഷണമൊരുക്കാൻ ആർക്കിടെക്ട് ടീമിനു സാധിച്ചു.

**തോമസ് എബ്രഹാം, ഭാര്യ നിഷ, മക്കൾ ജോഷ്വ, ജോൺ**

തത്തിന് പ്രാധാന്യം കൊടുക്കുന്ന വീട്ടുകാരനു വേണ്ടി കുരിശിന്റെ ആകൃതിയിലുള്ള സുഷിരങ്ങളാണ് വ്യത്യസ്തതയ്ക്കു വേണ്ടി കൊടുത്തത്. ഇന്റീരിയറിലെ ഡബിൾ ഹൈറ്റ് സീലിങ്ങിലും റിഡ്ജുകൾ കൊടുത്ത് വിരസത മാറ്റി.

വിശാലമായ ഓപ്പൺ ഇന്റീരിയർ പ്രാർഥനകൾക്കും കൂട്ടായ്മയ്ക്കും ഉതകും. ഡബിൾ ഹൈറ്റിലുള്ള ഏരിയകൾ വീടിന്റെ വിശാലതയ്ക്ക് പ്രൗഢിയും കൊടുക്കുന്നു. ചെറിയ ഇടങ്ങളിൽ പോലും കഴിയുന്നത്ര പച്ചപ്പ് ഒരുക്കുവാനും സാധിച്ചു,'' ആർക്കിടെക്ട് നീന കോര ജേക്കബ് പറയുന്നു.

**ലിവിങ്ങിൽ നിന്ന് ഒരു പടി താഴ്ത്തി വുഡൺ ഫ്ലോറിങ് ചെയ്ത ടിവി ഏരിയ. കൂടെ ഓറഞ്ച് നിറമുള്ള സോഫകളും. മുൻ വാതിലിനു നേരെ എതിർവശത്താണ് ഗോവണി. തോണിയുടെ ആകൃതിയിൽ തടിയിൽ പൊതിഞ്ഞാണ് ഗോവണി. താഴെ ജലാശയവും.**





**ഡബിൾ ഹൈറ്റിലുള്ള ലിവിങ് റൂമിന്റെ മേൽക്കൂര. ഫിക്സഡ് ഗ്ലാസ്സുകളിലൂടെ കടന്നുവരുന്ന പ്രകാശം. വീതി കുറഞ്ഞ ലിവിങ്ങിന് ഇണങ്ങുന്ന സോഫകൾ.**



ലിവിങ്, ഫാമിലി ലിവിങ്, ഡൈനിങ് എന്നിവ ചേരുന്ന ഓപ്പൺ ഇന്റീരിയർ. ഡൈനിങ്ങിൽ നിന്ന് പുറത്തെ സിറ്റ്ഔട്ടിലേക്കിറങ്ങാം. ടിവി യൂണിറ്റ് ഏരിയയ്ക്ക് ഓറഞ്ച് നിറത്തിലുള്ള സോഫ.

ഫാമിലി ഏരിയയെ വേർതിരിച്ചു നിർത്താൻ ഒരു പടി താഴ്ന്ന വുഡൺ ഫ്ലോറിങ്ങും ഓറഞ്ച് നിറമുള്ള സോഫകളും ഉപയോഗിച്ചു

ക്വാർട്സ് കൊണ്ടുള്ള കൗണ്ടർടോപ്പ് ആണ് അടുക്കളയിൽ. ലാമിനേറ്റഡ് പ്ലൈവുഡിലുള്ള ഷട്ടറുകൾ. വൈറ്റ്, ഗ്രേ, വുഡൺ നിറങ്ങളിലുള്ള കിച്ചൺ ഇന്റീരിയർ.



ഡൈനിങ്ങിനു പുറത്തുള്ള സിറ്റ്ഔട്ടിൽ ശില്പം പോലെ ഒരുക്കിയ വാഷ്ബേസിനും പച്ചപ്പിനിടയിലൂടെയുള്ള നടപ്പാതയുമെല്ലാം കൗതുകമുണർത്തും


## Materials

**ഭിത്തി**– വയർകട്ട് ഇഷ്ടിക, **ജനലും വാതിലും**– തേക്ക്, ഗ്ലാസ്, **ഫ്ലോറിങ്**– ഇറ്റാലിയൻ മാർബിൾ, ലാമിനേറ്റഡ് വുഡ്, ടൈൽ **കിച്ചൺ കാബിനറ്റ്**– ലാമിനേറ്റഡ് പ്ലൈ, **കൗണ്ടർടോപ്പ്**– ക്വാർട്സ് **സ്റ്റെയർ**– കോൺക്രീറ്റിൽ തടി

വീടിന്റെ പ്ലാൻ




താഴത്തെ നില




മുകളിലെ നില



അഞ്ച് കിടപ്പുമുറികളാണ് വീട്ടിലുള്ളത്. മൂന്നെണ്ണം താഴെയും രണ്ടെണ്ണം മുകളിലും. ■